I/85384/2023

**ഭരണഭാഷമാതൃഭാഷ**

No: TCPTVM/1650/2022-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in

തീയതി: 07-02-2023

ടൗൺപ്ലാനർ
തിരുവനന്തപുരം.

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - കെട്ടിട നിർമ്മാണം - കൺകറൻസ് -സംബന്ധിച്ച്.

സൂചന : താങ്കളുടെ 13.12.22 ലെ UE2/4571/22 നമ്പർ കത്ത്.

തിരുവനന്തപുരം നഗരസഭയിൽ ചെറുവക്കൽ വില്ലേജിൽ പഴയ സർവ്വേ നമ്പർ: 2285/32, റീ സർവ്വേ നമ്പർ 85/6-2 എന്നിവയിൽ ഉൾപ്പെട്ട 405 ച.മീ വസ്തുവിൽ 190.59 ച.മീ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന്റെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷ KMBR 2019 Rule 5(6)(c) പ്രകാരം കൺകറൻസ് അനുമതിയ്ക്കായി പരിഗണിക്കേണ്ട കാര്യങ്ങൾ, സ്ഥലപരിശോധനാ റിപ്പോർട്ട്, ഫോട്ടോ എന്നിവ പരിശോധിക്കുമ്പോൾ പാലിക്കുന്നതായി കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 08/08/2022 തീയതിയിലെ സ.ഉ.(കൈ)നമ്പർ 179/2022/LSGD പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് &അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന്, വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തിക്കൊണ്ട് , ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിന് വിധേയമായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി KMBR 2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും വിധേയമായി ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നൽകുന്നു.

1. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (കെ.എം.ബി.ആർ-2019), ചട്ടം 5 (6)(1) (c) പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമാണം കെ.എം.ബി.ആർ-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയിരിക്കണം.
2. 08/08/2022 തീയതിയിലെ സ.ഉ.(കൈ)നമ്പർ 179/2022/LSGD പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് &അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ ആണ് പ്രസ്തുത നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തി

മാത്രമേ നിർമ്മാണ അനുമതി നൽകാവൂ.

3. ഇതോടൊപ്പം കാൺകറൻസ് അനുമതി നൽകി ടൗൺ പ്ലാനർ സാക്ഷ്യപ്പെടുത്തിയ പ്ലാനുകളിൽ താഴെ വിവരിക്കുന്ന ചട്ടലംഘനങ്ങൾ ഈ ഓഫീസിലെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയവ അടക്കം പരിഹരിച്ച KMBR-2019 ന വിധേയമായി പുതിയ പ്ലാനുകൾ ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സെക്രട്ടറി നിർമ്മാണ അനുമതി നൽകാവൂ.
    a. അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന പ്ലാനിൽ സെക്ഷൻ പ്ലാൻ, എലിവേഷൻ പ്ലാൻ എന്നിവ ഫ്ലോർ പ്ലാനുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.
    b. സമർപ്പിച്ചിരിക്കുന്ന പ്ലാനിൽ സൈറ്റ് പ്ലാൻ ,സർവീസ് പ്ലാൻ എന്നിവ വരച്ചിരിക്കുന്ന അളവുകളും രേഖപ്പെടുത്തിയിരിക്കുന്ന സ്കെയിലും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. ഈ കൺകറൻസ് അനുമതി നിർമാണം ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. ഈ അനുമതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിട നിർമാണ അനുമതി KMBR-2019 പ്രകാരം സെക്രട്ടറി നൽകിയതിന് ശേഷമേ നിർമാണം ആരംഭിക്കാവൂ.

വിശ്വസ്തതയോടെ

Signed by
Rajesh T N
Date: 07-02-2023 11:45:05

RAJESH T N

TOWN PLANNER

ഉള്ളടക്കം:-അംഗീകരിച്ച പ്ലാൻ (1സെറ്റ്)

പകർപ്പ്:അപേക്ഷകൻ, (അറിവിലേയ്ക്കായി)

Anoop.A.V,
Krishna Nivas, EMS Nagar,
Alathara,Sreekariyam P.O,
TVPM.